SUNDAY 31/08/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA


Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/08/2025

1. ഓണത്തിന് കൃഷി വകുപ്പ് കേരളത്തിൽ ഉടനീളം 2000 കർഷക ചന്തകൾ ഇക്കൊല്ലം സംഘടിപ്പിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി. പി. പ്രസാദ്. സംസ്ഥാനത്തുടനീളം സെപ്റ്റംബർ ഒന്നു മുതൽ നാലു വരെ സംഘടിപ്പിക്കുന്ന കർഷകചന്തയിൽ **ഞങ്ങളും കൃഷിയിലേക്ക്** എന്ന ബൃഹത്തായ പദ്ധതിയിലൂടെ കൂടുതൽ ആളുകളെ കാർഷികമേഖലയിലേക്ക് ആകർഷികാനായി സംസ്ഥാനത്ത് രൂപീകൃതമായ 25000 ത്തിലധികം വരുന്ന കൃഷിക്കൂട്ടങ്ങളിലൂടെ ഓണക്കാലത്ത് ഗണ്യമായ അളവിൽ പച്ചക്കറി കേരളത്തിൽ തന്നെ ഉത്പാദിക്കാനായിട്ടുണ്ട്. ഇത്തരത്തിൽ ഉത്പാദിപ്പിച്ച സുരക്ഷിത പച്ചക്കറികൾ മാർക്കറ്റ് വിലയേക്കാൾ 10% അധികം വില നൽകി കർഷകരിൽ നിന്ന് സംഭരിച്ച്, വിപണിവിലയിൽ നിന്നും 30% കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വിപണി വില നിയന്ത്രിക്കുന്നതിനാണ് സർക്കാര് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇത്തരത്തിൽ സംഘടിപ്പിക്കുന്ന കർഷകചന്തയുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ മാസം ഒന്നാം തീയതി എറണാകുളത്ത് വച്ച് കൃഷിവകുപ്പ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മന്ത്രി പി പ്രസാദ് നിർവഹിക്കുന്നതാണ്. 1076 ചന്തകൾ കൃഷിഭവൻ തലത്തിലും 764 എണ്ണം ഹോർട്ടികോർപ്പ് മുഖാന്തിരവും 160 എണ്ണം VFPCK മുഖന്തിരവുമാണ് നടത്തപ്പെടുന്നത്. കാർഷിക പൈതൃകത്തിന്റെയും സമൃദ്ധിയുടെയും വിളവെടുപ്പിന്റെയും ആഘോഷമായ ഓണകാലത്ത് നമ്മുടെ കർഷകരുടെ അധ്വാനഫലം പൊതുവിപണിയിൽ ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള കൃഷിവകുപ്പിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് കർഷകചന്തകള് സംഘടിപ്പിക്കുന്നത്. പഴം പച്ചക്കറികൾ കൂടാതെ കർഷകര്, കൃഷിക്കൂട്ടങ്ങള് കർഷികോത്പാദന സംഘങ്ങൾ സർക്കാർ ഫാമുകൾ എന്നിവയിലൂടെ ഉത്പാദിപ്പിച്ച കൃഷിവകുപ്പിന്റെ അംഗീകാരത്തോടെയുള്ള **കേരളാഗ്രോ** ബ്രാൻഡ് ഉത്പന്നങ്ങൾ ഓണവിപണിയിൽ ലഭ്യമാക്കുന്നുവെന്ന പുതുമകൂടി ഈ വർഷത്തെ കർഷക ചന്തകൾക്കുണ്ട്. കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., എന്നിവയുടെ ഏകോപനത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. പ്രാദേശിക കാർഷിക ഉത്പന്നങ്ങളും, കർഷക ചന്തകളിൽ എത്തിക്കുന്നതിനുള്ള നടപടികള് സ്വീകരിച്ചിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 15 ദിവസത്തെ സൗജന്യ സംരംഭകത്വ വികസന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. വിവിധ സർക്കാര് സബ് സിഡി സ്ക്രീമുകള്, എങ്ങനെ ഒരു സംരംഭം ആരംഭിക്കാം സംബന്ധിച്ച് ക്ലാസുകളും പരിശീലനവും, ബാങ്കുകളിൽ നിന്നുള്ള വായ്പ ലഭിക്കുന്നതിനുള്ള സഹായവും ലഭ്യമാക്കും. അവസാന തീയതി: സെപ്റ്റംബർ രണ്ട്. പ്രായപരിധി: 50 വയസ്. ഫോൺ: 9188401702, 8714501962.

3. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ ഒരു വർഷം പ്രായമുള്ള **കോമാടൻ,** WCT, **കേരസങ്കര, കേരഗംഗ** എന്നീ ഇനത്തിൽപ്പെട്ട അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിൽപ്പനക്കായി തയ്യാറായിട്ടുണ്ട്. വിശദാംശങ്ങൾക്കായി **0471-2383572** എന്ന നമ്പരിൽ ഓഫീസ് പ്രവർത്തിദിനങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

4. പരമ്പരാഗത പാരമ്പര്യേതര മേഖലകളിലെ റബ്ബർതോട്ടങ്ങളിൽ 2025-ൽ ഇല രോഗങ്ങൾക്ക് പ്രതിരോധനടപടിയായി മരുന്നുതളി നടത്തിയതിനുള്ള ധനസഹായത്തിന് റബ്ബർ ഉത്പാദകസംഘങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷിക്കാം. റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'സർവീസ് പ്ലസ്' പോർട്ടൽ വഴി 2025 സെപ്റ്റംബർ 20 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി പരമാവധി 4000 രൂപയാണ് ധനസഹായം. വിശദവിവരങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ www.rubberboard.gov.in നിന്ന് ലഭിക്കും. റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുന്നതാണ്.

<u>**പരിശീലന പരിപാടി**</u>

1. ഓച്ചിറ ക്ഷീരോൽപന്ന നിർമാണ-പരിശീലന വികസനകേന്ദ്രത്തിൽ സെപ്റ്റംബർ 9 മുതല് 20 വരെ 'ക്ഷീരോൽപന്ന നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കും. ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രത്തിലോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ, അതാത് ബ്ലോക്ക് ക്ഷീരവികസനഓഫീസർമാര് മുഖേനയോ ക്ഷീരകർഷകർക്ക് രജിസ്റ്റർ ചെയ്യാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25

പേർക്കാണ് അവസരം. 135 രൂപ രജിസ്ട്രേഷന് ഫീസ്. സെപ്തംബർ എട്ട് വൈകിട്ട് അഞ്ചിനകം 8089391209, 0476 2698550 നമ്പരുകളിൽ രജിസ്റ്റർ ചെയ്യണം. ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കണം.

2. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്ക റബ്ബറിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **സെപ്റ്റംബർ 15 മുതൽ 19** വരെയുള്ള തീയതികളിൽ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0481 2353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ – training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദേശം**

1. റബ്ബർ – ബഡ്ഡു തൈകളുടെ തളിരിലകൾ കുമിൾ ബാധ മൂലം പൊഴിയുന്നത് തടയാൻ 4 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം